IAI

D1BML2201 (A4) (Pages 2) Reg. No:......................

Name: ..........................

**FIRST SEMESTER B.Com. Professional DEGREE EXAMINATION NOVEMBER 2022**

**(Regular/Improvement/Supplementary)**

**COMMON COURSE IN MALAYALAM**

**GMAL1A02T: സാഹിത്യ പഠനം 1**

**Time: 3 Hours.** **Maximum Marks: 80**

**ഭാഗം I: ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോന്നിനും 1 മാർക്ക് വീതം**

1. "അസ്ഥിയുടെ പൂക്കൾ" രചിച്ചതാര് ?
2. രാജാവ് ആരെയാണ് ശിക്ഷിക്കാൻ വിധിക്കുന്നത് ?
3. മലയാറ്റൂരിന് കേരളസാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച കൃതി ഏത് ?
4. "മരിച്ചിട്ടില്ലാത്തവരുടെ സ്മാരകങ്ങൾ" ആരുടെ കൃതിയാണ് ?
5. "സ്വാതിയുടെ സന്നിധിയിൽ" എന്ന ലേഖനം ഏത് കൃതിയിൽ നിന്നെടുത്തതാണ് ?
6. "കേരളത്തിലെ ഒരു ആധ്യാത്മികാചാര്യൻ ആ മാർഗം ചൂണ്ടിക്കാണിച്ചുപോയിട്ട് ഒരു നൂറ്റാണ്ടാകുന്നതേയുള്ളൂ". ആരെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത് ?
7. അട്ടപ്പാടിയിലെ ആദിവാസികളുടെ ജീവിതത്തെ ആസ്പദമാക്കി മലയാറ്റൂർ രചിച്ച നോവൽ?
8. "തത്ത്വമസി" എന്ന കൃതി രചിച്ചതാര് ?
9. ദീക്ഷിതരുടെ കലാപ്രസ്ഥാനവുമായി തിരുവിതാംകൂറിൽ ആദ്യം വന്നെത്തിയത് ആര് ?
10. 'ജാതിപക്ഷപാതി' എന്ന് അധിക്ഷിപ്തനായ വ്യക്തി ആര് ?

**(10 x 1 = 10 മാർക്ക്)**

**ഭാഗം II: 11 മുതൽ 20 വരെയുള്ള ഏതെങ്കിലും 8 ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം.**

11. "കൈമടകൾ"- വിവരിക്കുക.
12. "അഴുക്കുകൾ ചർമ്മമായി മാറിയിരിക്കുന്നു. വെള്ളംകൊണ്ട് കഴുകിക്കഴുകി ഞാൻ എന്നെത്തന്നെ വീണ്ടെടുക്കുന്നു". ആരാണിങ്ങനെ ചിന്തിക്കുന്നത് ?
13. "പരസ്പരം മനുഷ്യർ പിന്നെ എന്താണ് ചോദിക്കുക?" ചോദ്യകർത്താവ് ആര് ? കാരണമെന്തായിരുന്നു?
14. അയൽരാജാവിന്റെ സാമ്രാജ്യത്തിലെത്തിയപ്പോൾ ആദ്യം കണ്ടത് എന്തെല്ലാം?
15. ഗുരു പറഞ്ഞ "ഒരു മതം" എന്നതിനെ അഴീക്കോട് വ്യാഖ്യാനിക്കുന്നതെങ്ങനെ?
16. കടകിലെ "ആത്മീയ" എന്ന റിസർച്ച് സെന്ററിന്റെ പ്രവർത്തനരീതി എങ്ങനെയായിരുന്നു?

(തുടർച്ച....2)

17. എന്റെ പേര് നീലിമ. പോകാനുള്ളിടത്ത് ഞാനല്പം വൈകിപ്പോകാം. പറയൂ. ബാല്യ എന്താണ് പറയാൻ വന്നത് ? - സന്ദർഭം വ്യക്തമാക്കുക.

18. "ഈ ലേഖനം തനിക്കു വേണ്ടി എഴുതപ്പെട്ടതുപോലെ തോന്നുന്നു". ഏതിനെ കുറിച്ചാണ് സൂചിപ്പിക്കുന്നത് ? സാഹചര്യമെന്ത് ?

19. നിയമം കൊണ്ടുവരേണ്ട സ്ഥിതിയിൽ എത്തിയതിനർത്ഥം നിയമം വിജയിക്കാൻ പോകുന്നില്ല എന്ന് തന്നെയാണ്. ഇവിടെ സൂചിപ്പിക്കുന്നതെന്ത് ?

20. അദ്ദേഹത്തോട് ഞാൻ ഒരു അപരാധം പ്രവർത്തിച്ചു എന്ന് ഇപ്പോൾ തോന്നുന്നു. ആരെക്കുറിച്ച് ആരാണ്, ഇങ്ങനെ ചിന്തിക്കുന്നത് ?

**(8 x 2 = 16 മാർക്ക്)**

**ഭാഗം III: 21 മുതൽ 28 വരെയുള്ള ഏതെങ്കിലും 6 ചോദ്യങ്ങൾക്കു ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 4 മാർക്ക് വീതം.**

21. മലയാളത്തിന് പുറമ്പ ഏതെല്ലാം ഭാഷകളിലാണ് സ്വാതി തിരുനാൾ സംഗീതത്തിന് വേണ്ടി കൃതികൾ എഴുതിയത് ?

22. ഇന്ന് ഇന്ത്യയുടെ ആവശ്യം ജാതികളും മതങ്ങളും തമ്മിലുള്ള മത്സരത്തിൽ നിന്നുള്ള മോചനമാണെന്ന് ശ്രീനാരായണ ഗുരു പറഞ്ഞതിന്റെ കാരണമെന്ത് ?

23. പെൻഷൻ പറ്റിയ രാമൻനായർ നാട്ടിൽ അപ്രസക്തനായതെന്തുകൊണ്ട് ?

24. വർത്തമാനകാലത്തെ സാമൂഹ്യരാഷ്ട്രീയ അവസ്ഥകളെ "അയൽരാജാവ്" എന്ന കഥ എങ്ങനെ കൈകാര്യം ചെയ്യുന്നു ?

25. "മിണ്ടുന്നത് ഒരു വിഡ്ഢിത്തരമായി പോകാവുന്ന എത്രയോ സന്ദർഭങ്ങൾ ഉണ്ട് എന്ന് എന്നെപ്പോലെ നിങ്ങൾക്കും അറിയാം"- ചിന്തിച്ചതാര് ? കാരണമെന്ത് ?

26. അമ്മ പറയുന്നത് ഭ്രാന്താണെങ്കിലും അതിൽ ഒരു സത്യം ഇല്ലേ? ഞാനിരിക്കുന്നത് യജമാനന്മാരുടെ കസേരയിലല്ലേ ? കാരണം വ്യക്തമാക്കുക.

27. "എരവരുടെ ബയണ" എന്ന ഇതിഹാസത്തെ പരിചയപ്പെടുത്തുക.

28. നീ തമ്പ്രാൻ കശേരയിലെ ഇരുപ്പിയാടേ? അയോ! അയ്യോ! എന്നു നിലവിളിച്ചു... എഴീടേ. എഴീടേ മക്കാ... കൊന്നുട്ടു വാരെടേ... സന്ദർഭമെഴുതി വിശദമാക്കുക.

**(6 x 4 = 24 മാർക്ക്)**

**ഭാഗം IV: 29 മുതൽ 31 വരെയുള്ള ഏതെങ്കിലും 2 ചോദ്യങ്ങൾ മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഓരോന്നിനും 15 മാർക്ക് വീതം.**

29. ഒരു നർമ്മകഥ എന്നതിനപ്പുറം സൂചിമുഖിയുടെ സഞ്ചാരത്തെ വിലയിരുത്തുക.

30. സ്വാതിയുടെ സന്നിധിയിൽ വെച്ച് ലേഖകൻ സ്മരിക്കുന്ന കാര്യങ്ങൾ എന്തെല്ലാം ?

31. "അയൽരാജാവ്" എന്ന ചെറുകഥ മുന്നോട്ടുവയ്ക്കുന്ന ആശയതലം എന്ത് ?

**(2 x 15 = 30 മാർക്ക്)**